പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*153    11/06/2018-ൽ മറുപടിക്ക്

## ജീവിത ശൈലീരോഗ നിർണ്ണയ ക്ലിനിക്കുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.കെ. ദാസൻ<br>ശ്രീ.യു. ആർ. പ്രദീപ്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജീവിത ശൈലീരോഗങ്ങൾ ആശങ്കാജനകമായ വിധത്തിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവിത ശൈലീരോഗ നിർണ്ണയ ക്ലിനിക്കുകൾ സജ്ജീകരിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | ബി) | ജീവിതശൈലി രോഗനിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 232 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും 835 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 5400 ഓളം വരുന്ന കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവിതശൈലി രോഗനിർണ്ണയ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ആഴ്ചയിൽ ഒരു ദിവസം പ്രമേഹവും രക്താദി സമ്മർദ്ദവും പരിശോധിക്കുന്ന ജീവിതശൈലി രോഗ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു.<br>ജീവിതശൈലി രോഗങ്ങളെ നിയന്ത്രിക്കുന്നതിനും ചികിത്സിക്കുന്നതിനും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രത്യേക സജ്ജീകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ജീവിതശൈലി രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള പരിശോധനാ സൗകര്യങ്ങളുള്ള ലാബോറട്ടറി സ്ഥാപിക്കുകയും HbA1c തുടങ്ങിയ പരിശോധനാ സൗകര്യങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ ഗുരുതര ശ്വാസകോശ രോഗങ്ങൾക്കായി (COPD) ശ്വാസ് പദ്ധതിയും, മാനസികാരോഗ്യ |

| | | | |
|---|---|---|---|
| | | | ചികിത്സക്കായി ആശ്വാസ് പദ്ധതിയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. |
| സി) | ഇതുസംബന്ധിച്ച് ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ എന്തെങ്കിലും പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ? | സി) | ലോകാരോഗ്യ സംഘടന സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ജീവിതശൈലി രോഗനിർണ്ണയ പദ്ധതിയുമായി സാങ്കേതികമായ സഹകരണത്തിന് ധാരണയിലെത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പ്രമേഹവും രക്താദി സമ്മർദ്ദവും ചികിത്സിക്കുന്നതിന് ഒരു ചികിത്സാ പ്രോട്ടോകോൾ തയ്യാറാക്കുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന മൊഡ്യൂളുകൾ തയ്യാറാക്കുന്നതിനും WHO സാങ്കേതിക സഹായം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ